എ.വൈ.ആർ

### സൂറ-10

# യൂനുസ്

قُلْ يَـٰٓأَيُّهَا ٱلنَّاسُ إِن كُنتُمْ فِى شَكٍّ مِّن دِينِى فَلَآ أَعْبُدُ ٱلَّذِينَ تَعْبُدُونَ مِن
دُونِ ٱللَّـهِ وَلَـٰكِنْ أَعْبُدُ ٱللَّـهَ ٱلَّذِى يَتَوَفَّىٰكُمْ ۖ وَأُمِرْتُ أَنْ أَكُونَ مِنَ
ٱلْمُؤْمِنِينَ ﴿١٠٤﴾

104 പ്രവാചകൻ പറയുക: അല്ലയോ ജനങ്ങളേ, എന്റെ ദീനിനെക്കുറിച്ച് ഇനിയും സംശയിക്കുന്നുവെങ്കിൽ കേട്ടുകൊള്ളുക; അല്ലാഹുവിനെ കൂടാതെ നിങ്ങൾ ഇബാദത്ത് ചെയ്യുന്നവർക്കൊന്നും ഞാൻ ഇബാദത്തു ചെയ്യുകയില്ല. പ്രത്യുത, നിങ്ങളെ മരിപ്പിക്കുന്നവനായ അല്ലാഹുവിനു മാത്രമേ ഞാൻ ഇബാദത്തു ചെയ്യൂ. ഞാൻ സത്യവിശ്വാസിയായിരിക്കാനും കൽപിക്കപ്പെട്ടിരിക്കുന്നു.

وَأَنْ أَقِمْ وَجْهَكَ لِلدِّينِ حَنِيفًا وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ ﴿١٠٥﴾

105 നീ സർവാത്മനാ ദൈവിക ദീനിലേക്കുന്മുഖനായിരിക്കണമെന്നും ഒരിക്കലും ബഹുദൈവാരാധകനായിപ്പോകരുതെന്നും കൽപിക്കപ്പെട്ടിരിക്കുന്നു.

وَلَا تَدْعُ مِن دُونِ ٱللَّـهِ مَا لَا يَنفَعُكَ وَلَا يَضُرُّكَ ۖ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ
ٱلظَّـٰلِمِينَ ﴿١٠٦﴾

106 അല്ലാഹുവിനെയല്ലാതെ നിനക്കു ഗുണമോ ദോഷമോ ചെയ്യാനാവാത്ത യാതൊന്നിനോടും പ്രാർഥിച്ചു കൂടാ. അങ്ങനെ ചെയ്താൽ നീ ധർമധിക്കാരിയാകുന്നു.

وَإِن يَمْسَسْكَ ٱللَّهُ بِضُرٍّ فَلَا كَاشِفَ لَهُۥٓ إِلَّا هُوَ ۖ وَإِن يُرِدْكَ بِخَيْرٍ فَلَا رَآدَّ

لِفَضْلِهِۦ ۚ يُصِيبُ بِهِۦ مَن يَشَآءُ مِنْ عِبَادِهِۦ ۚ وَهُوَ ٱلْغَفُورُ ٱلرَّحِيمُ ﴿١٠٧﴾

**107** അല്ലാഹു നിനക്കൊരാപത്തണക്കുന്നുവെങ്കിൽ അതു നീക്കിത്തരാൻ അവനല്ലാതാരുമില്ല. അവൻ നിനക്കൊരു സൗഭാഗ്യമുദ്ദേശിക്കുന്നുവെങ്കിൽ അവന്റെ അനുഗ്രഹത്തെ തട്ടിക്കളയാനും ആരുമില്ല. അവന്റെ ദാസന്മാരിൽ അവനിഛിക്കുന്നവർക്ക് ഔദാര്യമരുളുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാമയനുമല്ലോ.

قُلْ = (പ്രവാചകൻ) പറയുക يَـٰٓأَيُّهَا ٱلنَّاسُ = അല്ലയോ ജനങ്ങളേ

إِن كُنتُمْ = (ഇനിയും)നിങ്ങൾ ആണെങ്കിൽ

فِى شَكٍّ = സംശയത്തിൽ (സംശയിക്കുന്നുവെങ്കിൽ)

مِّن دِينِى = എന്റെ ദീനിനെ (മതത്തെ)ക്കുറിച്ച്

فَلَآ أَعْبُدُ = (എങ്കിൽ കേട്ടുകൊള്ളുക) ഞാൻ ഇബാദത്തു ചെയ്യുകയില്ല, ആരാധിക്കുകയില്ല

ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ = അല്ലാഹുവിനെ കൂടാതെ നിങ്ങൾ ഇബാദത്തു ചെയ്യുന്നവർക്ക് (ഒന്നും)

وَلَـٰكِنْ = പ്രത്യുത

أَعْبُدُ ٱللَّهَ = അല്ലാഹുവിനു(മാത്രമേ) ഞാൻ ഇബാദത്തു ചെയ്യൂ

ٱلَّذِى يَتَوَفَّىٰكُمْ ۖ = നിങ്ങളെ മരിപ്പിക്കുന്നവനായ

وَأُمِرْتُ = ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു أَنْ أَكُونَ = ഞാൻ ആയിരിക്കാൻ

مِنَ ٱلْمُؤْمِنِينَ = സത്യവിശ്വാസികളിൽ പെട്ടവൻ

وَأَنْ أَقِمْ وَجْهَكَ = നിന്റെ മുഖം നിലനിർത്തണമെന്നും (നീ ഉന്മുഖനായിരിക്കണമെന്നും)

لِلدِّينِ = ഈ (ദൈവിക) ദീനിന് (ദീനിലേക്ക്) حَنِيفًا = നിഷ്കളങ്കമായി, സർവാത്മനാ

وَلَا تَكُونَنَّ = നീ ഒരിക്കലും ആയിപ്പോകരുതെന്നും (കൽപിക്കപ്പെട്ടിരിക്കുന്നു)

مِنَ ٱلْمُشْرِكِينَ = ബഹുദൈവാരാധകരിൽ പെട്ടവൻ (അല്ലാഹുവിൽ പങ്കാളിത്തം ആരോപിക്കുന്നവൻ)

وَلَا تَدْعُ = നീ പ്രാർഥിച്ചു കൂടാ مِن دُونِ ٱللَّهِ = അല്ലാഹുവിനെ കൂടാതെ

مَا لَا يَنفَعُكَ = നിനക്ക് പ്രയോജനം (ഗുണമോ) ചെയ്യാ(നാവാ)ത്തതിനെ (യാതൊന്നിനെയും)

وَلَا يَضُرُّكَ = നിനക്ക് ദ്രോഹം(ദോഷമോ) ചെയ്യാ(നാവാ)ത്തതിനെ (യാതൊന്നിനെ)യും

فَإِن فَعَلْتَ = നീ(അങ്ങനെ)ചെയ്താൽ

فَإِنَّكَ إِذًا = അപ്പോൾ, അതുവഴി തീർച്ചയായും നീ ആകുന്നു

مِّنَ ٱلظَّـٰلِمِينَ = അക്രമികളിൽ പെട്ടവൻ (ധർമധിക്കാരി)

وَإِن يَمْسَسْكَ ٱللَّهُ = അല്ലാഹു നിന്നെ സ്പർശിക്കുന്നുവെങ്കിൽ (അണക്കുന്നുവെങ്കിൽ)

ഒരു ദോഷം, പീഡനംകൊണ്ട് =بِضُرٍّ

അതിനെ തുറവടിയാക്കുന്നവൻ (നീക്കിക്കളയാൻ ആരും) ഇല്ല =فَلَا كَاشِفَ لَهُۥٓ

അവൻ നിനക്ക് ഉദ്ദേശിക്കുന്നുവെങ്കിൽ =وَإِن يُرِدْكَ അവനല്ലാതെ =إِلَّا هُوَ

ഒരു നന്മകൊണ്ട് (സൗഭാഗ്യം) =بِخَيْرٍ

തടുക്കുന്നവൻ ഇല്ല (തട്ടിക്കളയാനും ആരുമില്ല) =فَلَا رَآدَّ

അവന്റെ അനുഗ്രഹത്തെ =لِفَضْلِهِۦ

അതുകൊണ്ട് അവൻ എത്തിക്കുന്നു (അവൻ ഔദാര്യമരുളുന്നു) =يُصِيبُ بِهِۦ

അവൻ =وَهُوَ അവന്റെ ദാസന്മാരിൽനിന്ന് =مِنْ عِبَادِهِۦ അവൻ ഇഛിക്കുന്നവർക്ക് =مَن يَشَآءُ

ഏറെ പൊറുക്കുന്നവ(വനും)നാകുന്നു =ٱلْغَفُورُ

കരുണാമയൻ (നുമല്ലോ) =ٱلرَّحِيمُ

**104:** ഇവിടം മുതൽ സൂറയുടെ ഉപസംഹാരമാണ്. സൂറ ആരംഭിച്ച അതേ തത്ത്വങ്ങൾക്ക് അടിവരയിട്ടുകൊണ്ടാണ് ഉപസംഹരിക്കുന്നത്. ഏകദൈവത്വവും പ്രവാചകത്വവുമാണല്ലോ ആരംഭം മുതൽ ഇതുവരെ പലവിധത്തിൽ വിശദീകരിച്ചു വന്നത്. ഈ ഉപസംഹാര പ്രഖ്യാപനത്തിന് രണ്ടു മാനമുണ്ട്. ഒന്ന്; പ്രവാചകൻ സമൂഹത്തോടു പറയുകയാണ്: ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും എന്റെ ദീൻ അല്ലാഹു അനുശാസിച്ച ധർമമാണെന്നും, എന്നെ വിശ്വസിക്കുകയും ഞാൻ പ്രബോധനം ചെയ്യുന്ന ധർമം അനുസരിക്കുകയും ചെയ്യേണ്ടത് എല്ലാ മനുഷ്യരുടെയും ബാധ്യതയാണെന്നും എല്ലാവിധ തെളിവുകളും ന്യായങ്ങളും നിരത്തി നിങ്ങൾക്ക് വിശദീകരിച്ചു തന്നിരിക്കുന്നു. ബുദ്ധിപൂർവം ചിന്തിച്ചു മനസ്സിലാക്കുന്നവർക്ക് അതിലൊന്നും യാതൊരു സംശയത്തിനും ഇടമില്ല. ഇതൊക്കെയായിട്ടും നിങ്ങളുടെ സന്ദേഹം മാറുന്നില്ലെങ്കിൽ ഇനി എനിക്കൊന്നും ചെയ്യാനില്ല. നിങ്ങൾക്ക് നിങ്ങളുടെ വഴിക്ക് പോകാം. എന്നാൽ എന്റെ ദീനിൽ എനിക്ക് യാതൊരു സന്ദേഹവുമില്ല. അത് അല്ലാഹുവിങ്കൽ നിന്നവതരിച്ച സത്യമാണെന്ന് എനിക്ക് ദൃഢബോധ്യമുണ്ട്. അതുകൊണ്ട് നിങ്ങളുടെ വിശ്വാസങ്ങളിലോ ആചാരങ്ങളിലോ അശേഷം പങ്കുപറ്റാൻ ഞാൻ തയാറല്ല. നിങ്ങൾ ദൈവത്തിന്റെ പങ്കാളികളായി കരുതി ആരാധിക്കുന്നവർക്കൊന്നും വഴിപ്പെടാൻ ഞാനാളല്ല. നിങ്ങളുടെയും എന്റെയും ജീവന്റെ വിധാതാവായി നമ്മൾ അംഗീകരിക്കുന്ന ആ സാക്ഷാൽ ദൈവത്തിനുമാത്രമേ ഞാൻ വഴിപ്പെടൂ. അവനിൽമാത്രം വിശ്വസിക്കാനും അവന്റെ വിധിവിലക്കുകളനുസരിക്കാനും കൽപിക്കപ്പെട്ടവനാകുന്നു ഞാൻ.

രണ്ട്; എന്റെ ദീനിന്റെ മൗലികാദർശ തത്ത്വങ്ങളും ധർമവ്യവസ്ഥയുമെല്ലാം നിങ്ങൾക്ക് വ്യക്തമായി വിവരിച്ചു തന്നുകഴിഞ്ഞു. നിങ്ങളാചരിച്ചുവരുന്ന ബഹുദൈവത്വ ദീനുമായി അതൊരിക്കലും സമരസപ്പെടുകയില്ല. ഇനിയും എന്റെ ദീൻ നിങ്ങളുടെ ദീൻ പോലെ ഒന്നാണെന്നു സംശയിക്കുകയും എന്റെ ദീനിന്റെ കുറെ ഭാഗം നിങ്ങളും നിങ്ങളുടെ ദീനിന്റെ കുറെ ഭാഗം ഞാനും അംഗീകരിച്ച്, നിങ്ങൾ വഴിപ്പെടുന്ന ദൈവങ്ങളിൽ ചിലരെ ഞാനും ഞാൻ വഴിപ്പെടുന്ന ദൈവത്തെ നിങ്ങളും ആരാധിക്കുന്ന ഒരു സമവായത്തിൽ എത്തിച്ചേരാം എന്ന നിങ്ങളുടെ വ്യാമോഹം നടക്കാൻ പോകുന്നില്ല. നിങ്ങളാരാധിക്കുന്നവയെ ആരാധിക്കുക എനിക്കു തീർത്തും നിഷിദ്ധമാകുന്നു. നിങ്ങളാരാധി

ക്കുന്നവയെല്ലാം അല്ലാഹു അല്ലാത്തവരും അല്ലാഹുവിന്റെ സൃഷ്ടികളും മാത്രമാകുന്നു. അല്ലാഹുവിനോടൊപ്പം അവന്റെ സൃഷ്ടികളെ ആരാധിക്കുന്നത് അല്ലാഹുവിനെ നിന്ദിക്കുക എന്ന മഹാപാപമാണ്. നിങ്ങളുടെയും എന്റെയും ജീവന്റെ ഉടമയായ അല്ലാഹുവിനെ മാത്രമേ ഞാനാരാധിക്കൂ. അവനെ മാത്രം ദൈവമായി അംഗീകരിക്കാനും അനുസരിക്കുന്നവനായിരിക്കാനും കൽപിക്കപ്പെട്ടവനാണ് ഞാൻ. ഇതേ അർഥത്തിലുള്ള നിർണായകമായ പ്രഖ്യാപനമാണ് സൂറ *അൽകാഫിറൂ*നും.

ഖുർആൻ ഇത്തരം സന്ദർഭങ്ങളിൽ പരാമർശിക്കാറുള്ളത് അല്ലാഹുവിന്റെ സ്രഷ്ടാവ്, വിധാതാവ് തുടങ്ങിയ ഗുണങ്ങളാണ് –ٱللَّهُ ٱلَّذِى خَلَقَكُمْ–ٱللَّهُ رَبُّكُمْ. ഇവിടെ പറഞ്ഞിരിക്കുന്നത് ٱلَّذِى يَتَوَفَّىٰكُمْ (നിങ്ങളെ മരിപ്പിക്കുന്നവനായ) എന്നാണ്. നിങ്ങളുടെ ജീവദാതാവായ, അല്ലെങ്കിൽ ജീവന്റെ കടിഞ്ഞാൺ പിടിച്ചവനായ എന്നാണ് താൽപര്യം. മനുഷ്യർക്ക് മരണം വിധിക്കുന്നത് അല്ലാഹു (പരമേശ്വരൻ) തന്നെയാണെന്ന് ജാഹിലീ അറബികളും സമ്മതിച്ചിരുന്നു. അതുകൊണ്ടാണ്, എന്നെ മരിപ്പിക്കുന്നവനായ എന്നു പറയാതെ നിങ്ങളെ മരിപ്പിക്കുന്നവനായ എന്നു പറഞ്ഞത്. മരണം വിധിക്കുന്നവനെന്ന് നിങ്ങളും സമ്മതിക്കുന്ന ആ അല്ലാഹുവിനെ മാത്രമേ ഞാൻ ആരാധിക്കൂ എന്നു പറയുന്നതിൽ വാദത്തോടൊപ്പം അതിന്റെ സർവസമ്മതമായ തെളിവുമുണ്ട്. ഒരു ശക്തിയെ ജീവൻ ഹനിക്കാൻ അധികാരമുള്ളതായി സമ്മതിക്കുന്നത് അതിനെ ജീവദാതാവായിക്കൂടി അംഗീകരിക്കലാകുന്നു. സൃഷ്ടിക്കും സംഹാരത്തിനും വ്യത്യസ്ത പരമാധികാരികൾ അസാധ്യമാണ്. ഏതെങ്കിലും ഒന്നിന്റെ പരമാധികാരി സ്വയം മറ്റേതിന്റെയും പരമാധികാരിയാകുന്നു. കാരണം, സൃഷ്ടിയും സംഹാരവും ഒരേ യാഥാർഥ്യത്തിന്റെ രണ്ടു പുറങ്ങളാണ്. നിങ്ങൾ എന്തു നിലപാട് കൈക്കൊണ്ടാലും ശരി, ഈ വിധം ഏകദൈവത്തിലും അവന്റെ ദീനിലും വിശ്വസിക്കാനാണ് എനിക്ക് ലഭിച്ചിട്ടുള്ള ദൈവകൽപന എന്നാണ് وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُؤْمِنِينَ എന്ന വാക്യത്തിന്റെ താൽപര്യം.

**105,106:** മുൻ സൂക്തത്തിൽ പറഞ്ഞ ഇബാദത്തിന്റെയും ഈമാനിന്റെയും യാഥാർഥ്യം വിശദീകരിക്കുകയാണിവിടെ. സ്ഥാപിക്കൽ, നിലനിർത്തൽ എന്നർഥമുള്ള إقامةൽ നിന്നുള്ള കൽപന ക്രിയാവചനമാണ് أَقِمْ. മറ്റെല്ലാം വെടിഞ്ഞ് ഒന്നിലേക്കു മാത്രം തിരിഞ്ഞവൻ അഥവാ ഒരു കാര്യത്തിൽ ഏകാഗ്രചിത്തൻ ആണ് حنيف. ഒരു സംഗതിയിൽ നിഷ്കളങ്കനായി നിലകൊള്ളുന്നവനും حنيف ആകുന്നു. ഇവിടെ أَقِمْ وَجْهَكَ لِلدِّينِ حَنِيفًا എന്ന വാക്യത്തിന്റെ ആശയം ഇതാണ്: ഈമാനിന്റെയും ഇബാദത്തിന്റെയും മൗലിക ഗുണമാണ്, ബഹുദൈവവിശ്വാസത്തിന്റെ എല്ലാ ഛായകളെയും പരിപൂർണമായി പരിത്യജിച്ചുകൊണ്ട് ഏകാഗ്രതയോടെ അല്ലാഹുവിലേക്കും അവന്റെ ദീനിലേക്കും മാത്രം ഉന്മുഖനായിരിക്കുക എന്നത്. അല്ലാഹുവിൽ വിശ്വസിക്കുകയും അവന്നുമാത്രം ഇബാദത്ത് ചെയ്യുകയും ചെയ്യുന്നവൻ ജീവിതത്തിന്റെ എല്ലാ തുറകളിലും അല്ലാഹുവല്ലാത്ത എല്ലാ ശക്തികളെയും അവഗണിച്ചുകൊണ്ട് അവന്നുമാത്രം വഴിപ്പെടണം. അവന്റെ അടക്കവും അനക്കവും, സുഖവും ദുഃഖവും, സ്നേഹവും കോപവുമെല്ലാം അല്ലാഹുവിന്റെ പ്രീതിക്കിണങ്ങുന്നതായിരിക്കണം.

തനിക്ക് സൗകര്യമുള്ള കാര്യങ്ങളിൽ അല്ലാഹുവിന്റെ ദീൻ അനുസരിക്കുക, അല്ലാത്ത കാര്യങ്ങളിൽ തന്നിഷ്ടമോ തനിക്കു ബോധിച്ചവരുടെ ശാസനയോ അനുസരിക്കുക എന്നത് അല്ലാഹുവിന്റെ ഏകത്വത്തിൽ പങ്കുചേർക്കൽ –شرك– ആകുന്നു. ഇതാണ് 'നിഷ്കളങ്കനായി ഈ ദീനിലേക്കുന്മുഖനാവുക' എന്നു പറഞ്ഞ ഉടനെ وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ എന്നു പറഞ്ഞതിന്റെ താൽപര്യം.

അല്ലാഹുവിനോടല്ലാതെ യാതൊന്നിനോടും പ്രാർഥിച്ചുകൂടാ –وَلَا تَدۡعُ مِن دُونِ ٱللَّهِ– എന്നു പറഞ്ഞതിലെ 'പ്രാർഥന'–دعاء–യിൽ ഇബാദത്തും ഉൾപ്പെടുന്നു. തൊട്ടുമുമ്പ്, 'അല്ലാഹു അല്ലാത്തവർക്ക് ഇബാദത്തു ചെയ്യുക' –تعبدون من دون الله– എന്നു പറഞ്ഞതിന്റെ മറ്റൊരു ഭാഷ്യമാണ് تدعون من دون الله. 'പ്രാർഥന ഇബാദത്തിന്റെ മജ്ജയാകുന്നു' എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹു അല്ലാത്തവരോട് പ്രാർഥിച്ചു കൂടാ എന്നതിന്റെ യുക്തിയാണ് مَا لَا يَنفَعُكَ وَلَا يَضُرُّكَ (നിനക്ക് ഗുണമോ ദോഷമോ ചെയ്യാനാവാത്ത) എന്ന വാക്യം. പ്രാർഥനയും ആരാധനയും യുക്തിപൂർണമാകണമെങ്കിൽ പ്രാർഥിക്കപ്പെടുന്ന ശക്തിക്ക് പ്രാർഥിയെ രക്ഷിക്കാനോ ശിക്ഷിക്കാനോ സൃഷ്ടിക്കാനോ സംഹരിക്കാനോ ഏതെങ്കിലും തരത്തിൽ സഹായിക്കാനോ കഴിവുണ്ടായിരിക്കണം. വിഗ്രഹാരാധകർ പ്രാർഥിക്കുന്നതും ആരാധിക്കുന്നതും കല്ലുകൊണ്ടോ മരംകൊണ്ടോ ലോഹംകൊണ്ടോ നിർമിക്കപ്പെട്ട നിർജീവ വസ്തുക്കളെയാണ്. പ്രാർഥികളെ രക്ഷിക്കുന്നതുപോയിട്ട്, സ്വയം രക്ഷിക്കാൻ പോലും അവക്കാവില്ല. ഇക്കാര്യം വിഗ്രഹാരാധകർ സ്വന്തം ഇന്ദ്രിയങ്ങൾകൊണ്ടു അനുഭവിച്ചറിയുന്ന അനിഷേധ്യസത്യമാണ്. വിഗ്രഹങ്ങൾക്കു പുറകിൽ ഉണ്ടെന്നുവാദിക്കപ്പെടുന്ന ശക്തിചൈതന്യങ്ങളും അസ്തിത്വങ്ങളുമാകട്ടെ, വിഗ്രഹങ്ങളോളം പോലും യാഥാർഥ്യമില്ലാത്ത കേവല സങ്കൽപ സൃഷ്ടികളാണ്. പിന്നെയുള്ള ആരാധ്യർ നദികൾ, സമുദ്രങ്ങൾ, മൃഗങ്ങൾ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ തുടങ്ങിയവയാണ്. അവക്കുമില്ല ബുദ്ധിശക്തിയും ഇഛാസ്വാതന്ത്ര്യവും. അതിനാൽ അവയും മനുഷ്യനെ രക്ഷിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്നില്ല. ദൈവമാക്കപ്പെടുന്ന മറ്റൊരു വിഭാഗം മൺമറഞ്ഞുപോയ വിശുദ്ധന്മാരാണ്. അത്തരക്കാരെല്ലാം ഈ ലോകത്ത് ജീവിച്ചിരുന്നത് മാനുഷികമായ എല്ലാ സുഖദുഃഖങ്ങളും അനുഭവിച്ചുകൊണ്ടാണ്. ദാരിദ്ര്യത്താൽ, രോഗങ്ങളാൽ, അധികാരിവർഗങ്ങളാൽ ഒക്കെ കഠിനമായി പീഡിപ്പിക്കപ്പെട്ടവർ അക്കൂട്ടത്തിലുണ്ട്. ചിലർ നാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെട്ടു. ചിലർ ദാരുണമായി കൊല്ലപ്പെട്ടു. ഇത്തരം അനുഭവങ്ങൾ നേരിട്ട പ്രവാചകന്മാർപോലുമുണ്ട്. ജീവിച്ചിരുന്ന കാലത്ത് തങ്ങൾക്കു തന്നെ സുഖം വരുത്തുന്നതിലും ദുഃഖമകറ്റുന്നതിലും അവർക്ക് മാനുഷിക പരിധിക്കപ്പുറമുള്ള കഴിവുകളുണ്ടായിരുന്നില്ല എന്നാണിതിനർഥം. മരണത്തിനു വിധേയരായി എന്നതുതന്നെ അവരുടെ ബലഹീനതയുടെയും നിസ്സഹായതയുടെയും നിദർശനമാകുന്നു. സ്വന്തം ജീവൻ നിലനിർത്താൻ കഴിയാത്തവർ മരിച്ചു മണ്ണായശേഷം മറ്റുള്ളവരുടെ ഭാഗധേയം കൈയാളുമെന്ന് കരുതുന്നതിൽപരം മൗഢ്യം മറ്റെന്താണുള്ളത്?! സ്വയം നിലനിൽക്കാൻ കഴിയാത്തവ –സചേതനമാവട്ടെ അചേതനമാവട്ടെ – എല്ലാം അല്ലാഹുവിന്റെ സൃഷ്ടികളും അടിമകളുമാകുന്നു. അല്ലാഹുവിനെ വെടിഞ്ഞ് അവയെ ആരാധിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നത് അല്ലാഹുവിനോടനുവർത്തിക്കുന്ന മഹാധിക്കാരവും അതിക്രമവുമാണ്.

**107:** പ്രാർഥനയുമായി ബന്ധപ്പെട്ട് പുരാതന കാലത്തും ഇക്കാലത്തും നിലനിൽക്കുന്ന ഒരന്ധവിശ്വാസമാണ്, സൃഷ്ടിയും സംഹാരവുമൊക്കെ അല്ലാഹുവിന്റെ മാത്രം അധികാരമാണെങ്കിലും മനുഷ്യർക്ക് സൗഭാഗ്യങ്ങൾ നൽകാനും ആപത്തകറ്റാനും കഴിവുള്ള മറ്റു പല ശക്തികളും പ്രപഞ്ചത്തിലുണ്ട് എന്നത്. വിഗ്രഹങ്ങളെയും മറ്റു ഭൗതിക പദാർഥങ്ങളെയും പുണ്യാത്മാക്കളെയുമെല്ലാം ഇത്തരം കഴിവുള്ളവരായി സങ്കൽപിച്ചുകൊണ്ടാണ് ആളുകൾ ആരാധിക്കുന്നത്. ഇത്തരം ദൈവങ്ങളെ അറേബ്യൻ ബഹുദൈവവിശ്വാസികൾ ശിപാർശകർ –شفعاء– എന്ന് വിളിച്ചിരുന്നു. അല്ലാഹുവുമായുള്ള സമ്പർക്കത്തിന്റെയും സ്വാധീനത്തിന്റെയും ബലത്തിൽ ഇക്കൂട്ടർ അവനോട്

ശിപാർശ ചെയ്ത് തങ്ങളുടെ ആഗ്രഹങ്ങൾ സഫലമാക്കുകയും ആപത്തുകളകറ്റുകയും ചെയ്യുമെന്ന സങ്കൽപമാണീ വിശേഷണത്തിന്നാധാരം. വിഗ്രഹാരാധനയെ ശക്തിയുക്തം നിഷേധിക്കുന്ന ഏകദൈവവിശ്വാസികളിൽ പോലും മൺമറഞ്ഞ പുണ്യപുരുഷന്മാരെ ഈ വിധത്തിലുള്ള ശിപാർശകരായി കരുതി പ്രാർഥിക്കുന്നവർ ധാരാളമുണ്ട്. ഈ വിശ്വാസവും അതനുസരിച്ചുള്ള പ്രാർഥനയും തികച്ചും ശിർക്കുപരമായ അന്ധവിശ്വാസവും ദൈവധിക്കാരപരമായ ആചാരവുമാണെന്നാണ് ഇവിടെ വ്യക്തമാക്കുന്നത്. മനുഷ്യന്റെ ഭാഗധേയം കൈയാളുന്നത് പൂർണമായും അല്ലാഹുവാണ്. അവനുമാത്രമേ അതിനുള്ള അധികാരവും കഴിവുമുള്ളൂ. നിങ്ങൾക്ക് നന്മവരുന്നതും തിന്മവരുന്നതും അല്ലാഹുവിന്റെ ഹിതമനുസരിച്ചാണ്. അതിനാൽ നിങ്ങൾക്ക് സംഭവിക്കുന്ന ഏതാപത്തിൽനിന്നും നിങ്ങളെ മോചിപ്പിക്കാൻ അല്ലാഹുവിനേ കഴിയൂ; മറ്റാർക്കും കഴിയില്ല. അതുകൊണ്ട് തിന്മ തടയാനും നന്മ നൽകാനും പ്രാർഥിക്കേണ്ടത് അല്ലാഹുവിനോടു മാത്രമാണ്.

ഒടുവിൽ അല്ലാഹുവിനെ غفور (ഏറെ പൊറുക്കുന്നവൻ) എന്നും رحيم (കരുണാമയൻ) എന്നും വിശേഷിപ്പിച്ചതിനു രണ്ടു താൽപര്യങ്ങളുണ്ട്. ഒന്ന്; മുകളിൽ പറഞ്ഞ യാഥാർഥ്യങ്ങൾ ഉൾക്കൊണ്ട് ഇനിയെങ്കിലും അല്ലാഹുവിനെ മാത്രം ദൈവമായി വിശ്വസിക്കുകയും അവനെമാത്രം ആരാധിക്കുകയും ചെയ്യാൻ തയാറാവണം. എങ്കിൽ ഇതിനുമുമ്പ് നിങ്ങൾ ചെയ്തുപോയ ദൈവധിക്കാരങ്ങളും പാപകൃത്യങ്ങളും അല്ലാഹു പൊറുത്തുതരും. തന്റെ ദാസന്മാരോട് ഏറ്റം കാരുണ്യവും സ്നേഹവുമുള്ളവനാണവൻ. രണ്ട്; നിങ്ങൾക്ക് ഗുണങ്ങളും ദോഷങ്ങളും വരുന്നത് അല്ലാഹുവിൽ നിന്നാണെങ്കിൽ, അവൻ നിങ്ങൾക്കു വിധിക്കുന്ന നന്മകൾ തടയാനോ ദോഷങ്ങൾ പ്രതിരോധിക്കാനോ അവനല്ലാത്ത മറ്റാർക്കും കഴിയില്ലെങ്കിൽ നിങ്ങൾ പ്രാർഥിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടത് അവനെ മാത്രമാണ്. ദോഷങ്ങൾ തടയാനും നന്മകൾ നൽകാനും എന്നപോലെ നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരാനും പാരത്രികമായ അനുഗ്രഹം ചൊരിയാനുമുള്ള കഴിവും അവനുമാത്രമേയുള്ളൂ. ■